## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2414 08.05.2017 ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ 'പച്ച മലയാളം' സർട്ടിഫിക്കറ്റ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്**<br>**ശ്രീമതി. വീണാ ജോർജ്**<br>**ശ്രീ. പി. ടി.എ. റഹീം** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | സമസ്ത മേഖലയിലുള്ളവർക്കും ഒരേ പോലെ പ്രയോജനകരമാകുന്ന വിധത്തിൽ മാതൃഭാഷാ പഠനം വ്യാപിപ്പിക്കുന്നതിനായി സാക്ഷരതാ മിഷൻ അതോറിറ്റി 'പച്ച മലയാളം' എന്ന പേരിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ടോ; | (എ) | ഇക്കാര്യം സർക്കാരിന്റെ ഔദ്യോഗിക ഭരണഭാഷാ കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• ഇതര മീഡിയങ്ങൾ വഴി വിദ്യാഭ്യാസം നേടിയവർക്ക് ഭരണഭാഷ മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള ശേഷി നേടുക.<br>• സ്വന്തം ഭാഷയിൽ ആത്മവിശ്വാസത്തോടെ ചിന്തിക്കുന്നതിനും ഇടപെടുന്നതിനും സമൂഹത്തെ പ്രാപ്തമാക്കുക.<br>• കലാ സാഹിത്യ സൃഷ്ടികൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള ശേഷി നേടുക. അതുവഴി ഉയർന്ന മാനവികതാ ബോധത്തോടെ സമൂഹത്തിൽ ഇടപെടൽ നടത്തുവാൻ കഴിയുന്ന ജനതയെ വാർത്തെടുക്കുക |

| | | | |
|---|---|---|---|
| | | | • ഭാഷാശാസ്ത്രം പഠിക്കുന്നതിലൂടെ മികച്ച ഭാഷാപ്രയോഗശീലം. സാധ്യമാക്കുക.<br>• സംസ്കാര കേരളമെന്ന വിശേഷണം യാഥാർത്ഥ്യമാക്കുക.<br>• മലയാള കംപ്യൂട്ടിംഗ് വ്യാപിപ്പിക്കുക.<br>• സ്മാർട്ട് ഫോണുകളിലടക്കം മലയാളം ഉപയോഗിക്കുന്നതിന് ശേഷി വർദ്ധിപ്പിക്കുക.<br>• ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാള ഭാഷയിൽ പ്രാവീണ്യം സാധ്യമാക്കുക.<br>• ഭരണഭാഷ മാതൃഭാഷയാക്കിയത് വഴി ഓഫീസ് നിർവ്വഹണം നടത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സുഗമമായ ഓഫീസ് പ്രവർത്തനം സാധ്യമാക്കുക. |
| (സി) | ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ:<br>• മലയാളം ഒഴികെയുള്ള വിവിധ മാധ്യമങ്ങൾ വഴി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ.<br>• മലയാളം ഒഴികെയുള്ള വിവിധ മാധ്യമങ്ങൾ വഴി ഉന്നത വിദ്യാഭ്യാസം പൂർത്തികരിച്ചുകൊണ്ടിരിക്കുന്നവർ.<br>• ഭരണഭാഷ മാതൃഭാഷയാക്കിയതിനുശേഷം ഓഫീസ് നിർവ്വഹണം ബുദ്ധിമുട്ടായി തോന്നുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ<br>• മലയാള ഭാഷ പഠിക്കാൻ താല്പര്യമുള്ളവർ. |

| | | | |
|---|---|---|---|
| | | | • ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ |
| (ഡി) | ഭരണഭാഷ മാതൃഭാഷയാക്കിയതിനുശേഷം ഓഫീസ് നിർവ്വഹണം ബുദ്ധിമുട്ടായി തോന്നുന്ന സർക്കാർ ജീവനക്കാരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | തയ്യാറാക്കിയിരിക്കുന്ന പദ്ധതിയനുസരിച്ച് ഇവർ ഗുണഭോക്താക്കളാണ്. |

Adeena

**സെക്ഷൻ ഓഫീസർ**